**"ഭരണഭാഷ - മാതൃഭാഷ"**

**നമ്പർ. എച്ച്(2)/44444/2017/ഡി.പി.ഐ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 03.07.2017

പ്രേഷിതാവ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം: പൊതുവിദ്യാഭ്യാസം – തസ്തിക നിർണയം 2017-18 - സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച്.

സൂചന : പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 1.07.2017 ലെ ഇതേ നമ്പർ കത്ത്.

........................

സൂചനയിലെ കത്ത് വായിച്ചിട്ടുണ്ടാകുമല്ലോ. അതനുസരിച്ചുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടാകുമെന്നു കരുതുന്നു. **തസ്തികനിർണയ, പുനർവിന്യാസ പ്രവർത്തനങ്ങളുടെ ഫലപ്രദമായ പൂർത്തീകരണത്തിനായി നിർണായകമായ 13 ദിവസങ്ങളാണ് ഇനി നമ്മുടെ മുന്നിൽ അവശേഷിക്കുന്നത് എന്ന കാര്യം പ്രത്യേകം ഓർമ്മിക്കുക. ഇനിയുള്ള ഓരോ മിനിട്ടും വിലയേറിയതാണ്.**

നിലവിലുള്ള അധ്യാപകബാങ്കിൽ (2015-16) കൂട്ടിച്ചേർക്കൽ/ഒഴിവാക്കൽ/ എഡിറ്റിംഗ് നടത്തുന്നതിനായി അത് ഐ.ടി@സ്കൂളിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കി ക്കഴിഞ്ഞു. ബാക്കി ജോലികൾ നിങ്ങളാണ് നിർവഹിക്കേണ്ടത്. തസ്തികനിർണയ പ്രവർത്തനങ്ങൾ തീർന്നിട്ടില്ലെങ്കിൽ ഇന്നും നാളെയുമായിതന്നെ അത് പൂർത്തിയാക്കണം, അധ്യാപക ബാങ്ക് നവീകരിക്കുന്ന ജോലി തുടങ്ങണം.

വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ നിന്നുള്ള മോണിറ്ററിംഗ് കാര്യക്ഷമമാകണം. എവിടെ വീഴ്ചയുണ്ടായാലും അപ്പോൾതന്നെ അത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ തസ്തികനിർണയ പ്രവർത്തനങ്ങൾ ഇതിനകം പൂർത്തിയായിക്കാണുമെന്നും കരുതുന്നു. **ഏതെങ്കിലും ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഇക്കാര്യത്തിൽ എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ ഡയറക്ടറേറ്റിലെ 'എച്ച്' സെക്ഷനിലേക്ക് വിളിക്കുക (0471 2580515, 9446128780).**

**നിർദിഷ്ട സമയക്രമത്തിൽ യാതൊരുമാറ്റവും വരുത്തുന്നതല്ല എന്ന വിവരം ഒരിക്കൽകൂടി ഓർമ്മിപ്പിച്ചുകൊണ്ട്,**

വിശ്വസ്തതയോടെ

**ജെസ്സി ജോസഫ്**
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)